# Visit of External Affairs Minister of India to Slovakia and Czech Republic (June 02-06, 2022)

June 06, 2022

---

**ഇന്ത്യയുടെ വിദേശകാര്യ മന്ത്രിയുടെ സ്ലോവാക്യ, ചെക്ക് റിപ്പബ്ലിക് എന്നിവിടങ്ങളിലേക്കുള്ള സന്ദർശനം (ജൂൺ 02-06, 2022)**

ജൂൺ 06, 2022

1.വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ (ഇഎഎം) ജൂൺ 02-03 തീയതികളിൽ സ്ലോവാക്യയിലേക്കും 2022 ജൂൺ 04-05 ന് ചെക്ക് റിപ്പബ്ലിക്കിലേക്കും ഔദ്യോഗിക സന്ദർശനം നടത്തി.

2.സ്ലോവാക്യയുടെ വിദേശകാര്യ-യൂറോപ്യൻ കാര്യ മന്ത്രിയായ മിസ്റ്റർ ഇവാൻ കോർചോക്കിന്റെ ക്ഷണപ്രകാരം നടത്തിയ സ്ലോവാക്യ സന്ദർശനം. ഇത് 1993-ൽ വിദേശകാര്യമന്ത്രാലയം രൂപീകൃതമായതിനുശേഷം , അതിന്റെ തലത്തിലുള്ള ആദ്യ സന്ദർശനമായിരുന്നു. ഇന്ത്യയും സ്ലോവാക്യയും ജനാധിപത്യം, നിയമവാഴ്ച, സ്വാതന്ത്ര്യം സമത്വം എന്നിവയുടെ പൊതുവായ മൂല്യങ്ങളെ അടിസ്ഥാനമാക്കി അടുത്ത സൗഹൃദബന്ധം പങ്കിടുന്നു.

3. ജൂൺ 03-ന്, ബ്രാറ്റിസ്ലാവയിൽ നടന്ന GLOBSEC 2022 ഫോറത്തിൽ വിദേശകാര്യമന്ത്രി പങ്കെടുക്കുകയും 'സൗഹൃദത്തെ ഉയർന്ന നിലവാരത്തിൽ എത്തിക്കുക : ഇൻഡോ-പസഫിക് മേഖലയിലെ സഖ്യകക്ഷികൾ' എന്ന വിഷയത്തിൽ സംസാരിക്കുകയും ചെയ്തു.

4. ഉഭയകക്ഷി മുന്നണിയിൽ, സ്ലോവാക്യയുടെ പ്രധാനമന്ത്രി ശ്രീ. എഡ്വേർഡ് ഹെഗറും വിദേശകാര്യ മന്ത്രി കോർകോക്കുമായി ഇന്ത്യൻ വിദേശകാര്യമന്ത്രി പ്രതിനിധി തല ചർച്ചകൾ നടത്തി. ഉക്രെയ്നിൽ നിന്ന് 1115 ഇന്ത്യൻ വിദ്യാർത്ഥികളെ ഒഴിപ്പിക്കാൻ സഹായിച്ചതിന് സ്ലോവാക് പക്ഷത്തിന് അദ്ദേഹം നന്ദി പറഞ്ഞു. ഇന്ത്യയും സ്ലോവാക്യയും തമ്മിലുള്ള വാക്സിൻ സർട്ടിഫിക്കറ്റുകളുടെ പരസ്പര അംഗീകാരത്തെ അദ്ദേഹം അഭിനന്ദിച്ചു, ഇത് ഇരു രാജ്യങ്ങളും തമ്മിലുള്ള യാത്രയെ വളരെയധികം സഹായിക്കുമെന്നും അഭിപ്രായപ്പെട്ടു.വ്യാപാരം, നിക്ഷേപം, പ്രതിരോധം എന്നീ മേഖലകളിലെ സഹകരണം വിപുലീകരിക്കുന്നതിനെക്കുറിച്ച് ഇരുപക്ഷവും ചർച്ച ചെയ്തു. വിദേശകാര്യമന്ത്രി മന്ത്രി കോർകോക്കിനെ ഇന്ത്യ സന്ദർശിക്കാൻ ക്ഷണിക്കുകയും അതിവേഗം

വളരുന്ന സ്വകാര്യ മേഖലയും പ്രതിരോധ വ്യവസായത്തിന്റെ ആരംഭവും ബിസിനസ്സ് ചെയ്യുന്നത് അനായാസമാക്കിയെന്ന് അറിയിക്കുകയും ചെയ്തു. വരും മാസങ്ങളിൽ ഒരു വലിയ ബിസിനസ്സ് പ്രതിനിധി സംഘത്തോടൊപ്പം ഇന്ത്യ സന്ദർശിക്കാനുള്ള തന്റെ താൽപര്യവും മന്ത്രി കോർകോക്ക് അറിയിച്ചു.ഇന്റർനാഷണൽ സോളാർ അലയൻസിൽ ചേരാൻ സ്ലോവാക്യയെയും വിദേശകാര്യമന്ത്രി ക്ഷണിച്ചു. ഉക്രെയ്ൻ, യൂറോപ്യൻ യൂണിയൻ, ഇന്തോ-പസഫിക് എന്നിവയുൾപ്പെടെയുള്ള പ്രാദേശിക, ബഹുമുഖ വിഷയങ്ങളിലും ഇരുപക്ഷവും കാഴ്ചപ്പാടുകൾ കൈമാറി.

5. വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള ഇന്ത്യൻ സമൂഹത്തിന്റെ ഒരു വിഭാഗവുമായി വിദേശകാര്യമന്ത്രി സംവദിച്ചു. ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിലും ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യക്തിഗത ബന്ധം പ്രോത്സാഹിപ്പിക്കുന്നതിലും അവർ വഹിച്ച പങ്കിനെ അദ്ദേഹം അഭിനന്ദിച്ചു.6. GLOBSEC 2022 ഫോറത്തിന്റെ ഭാഗമായി, ഇന്ത്യൻ വിദേശകാര്യമന്ത്രി ഓസ്ട്രിയയിലെ യൂറോപ്യൻ, അന്താരാഷ്ട്ര കാര്യ മന്ത്രി അലക്സാണ്ടർ ഷാലെൻബെർഗുമായി കൂടികാഴ്ച നടത്തി .ഷാലെൻബെർഗ് 2022 മാർച്ചിലെ തന്റെ ഇന്ത്യാ സന്ദർശനം അനുസ്മരിക്കുകയും അത് വളരെ ഫലപ്രദമായെന്നും , ഇരുരാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തം, പ്രത്യേകിച്ച് ബിസിനസ്, സാംസ്കാരിക മേഖലകളിൽ കൂടുതൽ ശക്തിപ്പെടുത്തുന്നതിലേക്ക് നയിച്ചിട്ടുണ്ടെന്നും അറിയിക്കുകയും ചെയ്തു. മൈഗ്രേഷനും മൊബിലിറ്റിയും വാക്സിൻ സർട്ടിഫിക്കറ്റുകളുടെ പരസ്പര അംഗീകാരവും സംബന്ധിച്ച ഒരു കരാറിനായി പ്രവർത്തിക്കാൻ ഇരുപക്ഷവും സമ്മതിച്ചു.ഉക്രൈൻ സംഘർഷവും അതിന്റെ പ്രത്യാഘാതങ്ങളും ഉൾപ്പെടെയുള്ള പ്രാദേശികവും ബഹുമുഖവുമായ വിഷയങ്ങളെക്കുറിച്ചും ഇരു മന്ത്രിമാരും അഭിപ്രായങ്ങൾ കൈമാറി.

7. വിദേശകാര്യ മന്ത്രി മോണ്ടിനെഗ്രോയുടെ പ്രസിഡന്റ് മിലോ ഡ്യൂക്നൊവിക്നെയും സന്ദർശിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള സൗഹൃദ ബന്ധവും ബഹുമുഖ മേഖലയിലെ അടുത്ത സഹകരണവും ഇരു നേതാക്കളും ചൂണ്ടിക്കാട്ടി. നിക്ഷേപം, സംസ്കാരം, വിനോദസഞ്ചാരം, പുനരുപയോഗ ഊർജം എന്നീ മേഖലകളിലെ ബന്ധം വിപുലപ്പെടുത്തുന്നതിനുള്ള വഴികൾ അവർ ചർച്ച ചെയ്തു.മോണ്ടിനെഗ്രിൻ പ്രസിഡന്റ് ITEC മേഖലയിലെ സഹകരണത്തെ അഭിനന്ദിക്കുകയും വരും മാസങ്ങളിൽ മോണ്ടിനെഗ്രോ സന്ദർശിക്കാൻ വിദേശകാര്യമന്ത്രിയെ ക്ഷണിക്കുകയും ചെയ്തു.

8. ചെക്ക് റിപബ്ലിക്കിന്റെ വിദേശകാര്യമന്ത്രി ജാൻ ലിപാവ്സ്കിയുടെ ക്ഷണപ്രകാരം ഇന്ത്യൻ വിദേശകാര്യമന്ത്രി ചെക്ക്

റിപ്പബ്ലിക് സന്ദർശിച്ചു. ഇന്ത്യയും ചെക്ക് റിപ്പബ്ലിക്കും ചരിത്രപരമായി ഊഷ്മളവും സൗഹൃദപരവുമായ ബന്ധം ആസ്വദിക്കുന്നു, കഴിഞ്ഞ ഏതാനും വർഷങ്ങളായി ഉയർന്ന തലത്തിലുള്ള കൈമാറ്റങ്ങളിലൂടെയും മേഖലകളിലുടനീളമുള്ള സഹകരണത്തിലൂടെയും ഇത് ശക്തിപ്പെടുത്തിയിട്ടുണ്ട്.

9. പ്രതിനിധി തല ചർച്ചയിൽ, രാഷ്ട്രീയ, സാമ്പത്തിക, പ്രതിരോധം & സുരക്ഷ, എസ് & ടി, സാംസ്കാരിക ബന്ധങ്ങൾ , വ്യക്തിഗത ബന്ധം എന്നിവ ഉൾപ്പെടെയുള്ള ഉഭയകക്ഷി ബന്ധങ്ങളുടെ മുഴുവൻ വശങ്ങളും ഇരു നേതാക്കളും ചർച്ച ചെയ്തു. ഉഭയകക്ഷി വ്യാപാരം 2 ബില്യൺ ഡോളർ കടന്നതായി ഇരുപക്ഷവും നിരീക്ഷിച്ചു. യൂറോപ്യൻ യൂണിയനിൽ വരാനിരിക്കുന്ന ചെക്ക് റിപബ്ലിക്കിന്റെ അധ്യക്ഷ സ്ഥാനം ഉൾപ്പെടെ ഇന്ത്യ-യൂറോപ്യൻ യൂണിയൻ ബന്ധങ്ങളെക്കുറിച്ചും ചർച്ചകൾ നടന്നു. ഇന്ത്യ-യൂറോപ്യൻ യൂണിയൻ എഫ്ടിഎയുടെ നേരത്തെയുള്ള സമാപനത്തിനായി പ്രവർത്തിക്കാൻ ഇരുപക്ഷവും സമ്മതിച്ചു.ഇന്തോ-പസഫിക്, ഉക്രെയ്ൻ സംഘർഷത്തെക്കുറിച്ച് ഇരുപക്ഷവും കാഴ്ചപ്പാടുകൾ കൈമാറി. ബഹുമുഖ വേദികളിലെ സഹകരണത്തെക്കുറിച്ചും അവർ ചർച്ച ചെയ്യുകയും ഈ മേഖലയിൽ അടുത്ത് പ്രവർത്തിക്കാൻ സമ്മതിക്കുകയും ചെയ്തു.

10. വിദേശകാര്യ മന്ത്രി യൂറോപ്യൻ പാർലമെന്റിലെ ചെക്ക് അംഗങ്ങളുമായി ആശയവിനിമയം നടത്തുകയും യൂറോപ്യൻ യൂണിയൻ , ചെക്ക് റിപ്പബ്ലിക്ക് എന്നിവയുമായുള്ള ഇന്ത്യയുടെ ശക്തമായ ബന്ധത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. ഇൻഡോ-പസഫിക്, ഫുഡ് ആൻഡ് എനർജി സെക്യൂരിറ്റി, ഡിജിറ്റൽ സഹകരണം എന്നിവയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ അവർ കൈമാറി.

11. പ്രാഗിൽ, ഗുരുദേവ് രവീന്ദ്രനാഥ ടാഗോറിന്റെ പ്രതിമയിൽ വിദേശകാര്യമന്ത്രി പുഷ്പാർച്ചന നടത്തി. അദ്ദേഹം ഇന്ത്യൻ സമൂഹവുമായി ആശയവിനിമയം നടത്തുകയും ഇന്ത്യ-ചെക്ക് ജനതയെ വ്യക്തിഗതമായി ബന്ധിപ്പിക്കുന്നതിൽ അവരുടെ പങ്കിനെ അഭിനന്ദിക്കുകയും ചെയ്തു.

**ന്യൂ ഡെൽഹി**
**ജൂൺ 06, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.